# ജി. എച്ച്.എസ്.എസ്. പാളയംകുന്ന്

## LK/2018/42054




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]
Certificate of Registration
REGISTRATION No. LK/2018/42054
This is to certify and grant approval to
42054 - G H S S Palayamkunnu, Attingal (DEO)
of Thiruvananthapuram District as a unit of LITTLE KITEs.
Office Seal
ANVAR SADATH. K
Chairman & Executive Director


ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ : LK/2018/42054
ഗവ. ഹയർ സെക്കന്ററി സ്കൂൾ
പാളയംകുന്ന്, തിരുവനന്തപുരം
0470 2667217

# Editorial Board

**Chief Editors** :Shihayas .S

:Sini Raj. V

**Student Editor** :Princy. P

**Members** :Akshara Asok Kumar

:Lekshmi. J. M

:Aparna. J. S

:Akhilaraj. S

:Girishma . G .Girish

:Adithyan .S

:Jyothika T Joy

:Febina. A

# എഡിറ്റോറിയൽ

**വിവരവിനിമയ സാങ്കേതികവിദ്യ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർഥികൾക്ക് ഡിജിറ്റൽ ലോകത്തെ നൂതന പ്രവണതകൾ പരിചയപ്പെടാനും അതിലൂടെ തങ്ങളുടെ ഭാവിയെത്തന്നെ മാറ്റിമറിക്കാനും ഉള്ള അസുലഭ സന്ദർഭമാണ് ലിറ്റിൽകൈറ്റ്സിലൂടെ കൈവന്നിരിക്കുന്നത്.**

**സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ പരിപാലിക്കേണ്ട മൂല്യങ്ങളെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അവബോധം വിദ്യാർഥികളിൽ സൃഷ്ടിക്കേണ്ടതുണ്ട്.**

**നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ലിറ്റിൽകൈറ്റ്സ് യൂണിറ്റിൻറെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ പ്രവർത്തന പങ്കാളികളായ എല്ലാ വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് '*പറന്നുയരുന്ന പട്ടങ്ങൾ*' നിങ്ങൾക്കായി സമർപ്പിക്കുന്നു .**

ഷിഹായസ് .എസ്

സിനി രാജ് .വി

# സന്ദേശം



## വി. രഞ്ജിത്

ചെയർമാൻ


ആരോഗ്യ-വിദ്യാഭ്യാസ

സ്റ്റാൻഡിംഗ് കമ്മിറ്റി

**പാളയംകുന്ന് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിലെ ഈ വർഷം ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് . ഇതിൻറെ പിന്നിൽ പ്രവർത്തിച്ച എല്ലാ അണിയറ പ്രവർത്തകർക്കും**

**പ്രത്യേക അഭിനന്ദനങ്ങൾ.**

സ്നേഹപൂർവ്വം



# സന്ദേശം

പാളയംകുന്ന് ഗവ. ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.ഈ മാഗസിനിലൂടെ വിദ്യാർത്ഥികളിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ നവീന ആശയങ്ങൾ മനസ്സിലാക്കുന്നതിന് സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം


എസ്.പ്രീത




# സന്ദേശം

പാളയംകുന്ന് ഗവ:ഹയർസെക്കന്ററി സ്കൂൾ ഹൈസ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.മാഗസിന്റെ അണിയപ്രവർത്തകരായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം




# ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം

**22/06/2018**






GHSS PALAYAMKUNNU
INAUGURATION OF
LITTLE KITES

# ലിറ്റിൽകൈറ്റ്സ് നേതൃത്വം

Kite Master



Shihayas S

Kite Mistress



Sini Raj V

# S I T C



## Jaine Andrews

# Unit Leader



Akshara Asok Kumar

# Deputy Leader



Lekshmi J M

# Expert classes





## 'നോട്ടം'--Short Film by Film Club




നോട്ടം
the out look


നോട്ടം
the out look


നോട്ടം
the out look

# ക്യാമറയിലൂടെ..........................



# ഉള്ളടക്കം


| | |
|---|---|
| വാക്കുകൾ...സ്വപ്നങ്ങൾ... | 20 |
| വൈരാഗ പർവ്വം | 21 |
| Inventors of Information Technology | 23 |
| ഇന്നിന്റെ വിലാപം | 24 |
| സധൈര്യം മുന്നോട്ട് | 27 |
| INNOVATIONS | 29 |
| സൗഹൃദം | 30 |
| സൗഹൃദം | 31 |
| What Am I? | 33 |
| മറയുന്ന കാഴ്ചകൾ | 36 |
| Quotes of Gandhiji | 38 |
| കമ്പ്യൂട്ടർബഗിന്റെ കഥ | 39 |
| സുഹൃത്തിന്റെ ഉപദേശം | 41 |

| | |
|---|---|
| അപരനാമങ്ങൾ | 43 |
| പ്രകൃതിയുടെ രോദനം | 44 |
| സർവത്ര മാലിന്യം | 46 |
| മഹാത്മാഗാന്ധി | 48 |
| ഏഴിന്റെ പ്രത്യേകത | 50 |
| എന്തൊക്കെയുണ്ട് വിശേഷങ്ങൾ? | 52 |
| കണക്കിലെ കളി | 54 |
| Circle of Life | 58 |
| വീട്ടുവളപ്പിലെ പക്ഷിക്കൂട്ടുകാർ | 60 |

# വാക്കുകൾ...സ്വപ്നങ്ങൾ...

## എ .പി . ജെ അബ്ദുൾകലാം

*സ്വപ്നങ്ങൾ സാക്ഷാത്കരിക്കണമെങ്കിൽ ആദ്യം സ്വപ്നം കാണേണ്ടതുണ്ട്.*

*ഉറക്കത്തിൽ നാം കാണുന്നതല്ല, മറിച്ച് നമ്മെ ഉറങ്ങാൻ അനുവദിക്കാത്തതാണ് സ്വപ്നം.*

*പ്രതീക്ഷകളും സ്വപ്നങ്ങളും തകർന്നടിയുമ്പോഴും അവിശിഷ്ടങ്ങൾക്കിടയിൽ ഒന്ന് പരതി നോക്കുക ഒരു സുവർണാവസരം എവിടെയെങ്കിലും കണ്ടേക്കാം.*

*നിങ്ങളുടെ ഏറ്റവും നല്ല അധ്യാപകൻ നിങ്ങൾ ചെയ്ത അവസാനത്തെ തെറ്റാണ്.*

*കൃത്രിമ സന്തോഷത്തിന് പിറകേ ഓടാതെ ഈടുറ്റ നേട്ടങ്ങൾക്കായി സ്വയം സമർപ്പിക്കുക.*

*സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ അതിനെപ്പോലെ ജ്വലിക്കുകയും വേണം.*

*മാനവികതയ്ക്ക് ലഭിച്ച വരദാനമാണ് ശാസ്ത്രം .*

*ജീവിത വിജയം ആസ്വദിക്കാൻ മനുഷ്യന് ജീവിതത്തിൽ യാതനകൾ ആവശ്യമാണ്.*

*വലിയതെന്തോ സംഭവിക്കാൻ വേണ്ടി കാത്തിരിക്കരുത്, ഉള്ളത് വച്ച് തുടങ്ങുക.*

# വൈരാഗ പർവ്വം

ഓമനക്കുട്ടൻ പിള്ള.ആർ

എച്ച്.എസ്.ടി മലയാളം

*ഇതെന്റെ മേധയാത്ര*

*ജീവിതത്തേർ തെളിക്കുന്ന ഞാൻ*

*അശ്വമേധത്തിന്റെ ഞാണൊലികളിൽ*

*ദുശ്ശളാ സംഗമം*

*എങ്ങോ മറന്നതാണീ മുഖം*

*ആയോധനത്തിന്റെ ശൗര്യതാളങ്ങിൽ*

*തളർന്നു താണതാണീ മുഖം;സോദരി*

*നേരമില്ല,'വെന്നി' യുടെ മുഴക്കം*

*ചൂടാൻ നേരമെത്തുന്നു*

*ക്ഷമിക്കുക സോദരി*

*പട്ടാഭിഷേകം രജസ്വലയാക്കുമെൻ ദ്രൗപതി*

# പറന്നുയരുന്ന പട്ടങ്ങൾ

***കാത്തുകാത്തുഴലുകയാവാം മേധത്തിനന്ത്യം കാണാൻ***

***നിന്റെയീ കൈക്കുഞ്ഞിൻ നിണം പോലും***

***എന്റെയീ യാത്രയും സുരക്ഷിതം.***

***എന്റെ വിജയത്തിനനു പൂരകം.***

***രക്ത നദികളൊഴുകിയ രണത്തിന്റെ നാളുകൾ***

***തുടരെ ഞാനെയ്തെറിഞ്ഞ തലയോട്ടികൾ***

***ഇവിടെ നിന്റെ കണ്ണുനീരിലൂടെയുള്ള മേധയാത്രയും***

***ഭഗവത് പദം മരവിച്ച മനസ്സുമായ്***

***ശത്രു സംഹാരം നിഷ്ഫയാക്കിയോനിവൻ***

***അവിടെ ബന്ധമൊക്കെ നഷ്ടമായ്***

***ഒന്നേ ലക്ഷ്യമെന്നറിയുക***

***എന്നോ അന്ന്യം വന്ന സോദരീ***

***നിന്റെ അശ്രുക്കളതി തീക്ഷ്ണങ്ങൾ***

***ക്ഷമിക്കുക സോദരീ- ക്ഷമിക്കുക***

# Inventors of Information Technology

| | |
|---|---|
| **Father of computer** | **Charles Babbage** |
| **Father of computer science** | **Alan Turing** |
| **Father of Information Theory** | **Claude Shannon** |
| **Father of Information Technology in India** | **Rajiv Gandhi** |
| **Father of electronic digital computer** | **John Vincent Atanasoff** |
| **Father of Internet** | **Vint cerf** |
| **Father of free software** | **Richard Stallmon** |
| **Father of Binary code** | **Eugene Paul Curtis** |
| **Father of super computer** | **Seymour Cray** |
| **Father of Indian computer** | **Dr. Vijay.p.Bhatkar** |
| **Father of Personal computer** | **Henry Edward Roberts** |
| **Father of IBM Personal computer** | **Philip done Estride** |
| **Father of video game** | **Raiph.H.Baer** |
| **Father of Data Processing** | **Herman Hollerith** |

# ഇന്നിന്റെ വിലാപം

ശരൺതമ്പി എം.എ 10.F

*ചിറകറ്റ പക്ഷിയായ് അലയുന്നു ഞാൻ*

*എവിടെയെന്നറിയാതെ*

*അകലുകയാണെങ്കിലും തേടുകയാണു*

*ഞാൻ എങ്ങോട്ടാണീ കൈരളിതൻ യാത്ര*

*കേരളത്തെ ഭരിക്കുന്നത്*

*ജാതിയോ മതമോ മുതലാളിത്തമോ രാഷ്ട്രീയമോ?*

*അറിയില്ലെനിക്കറിയില്ല കേരളം തൻ യാത്ര*

*എങ്ങോട്ടാണെന്നറിയില്ല*

*എങ്കിലും ഞാൻ തേടുന്നു.*

*തെരുവിലൊരു സഹോദരൻെറ*

*വിലാപത്തിൽ വിങ്ങുന്നെൻ ഹൃദയം*

*നീതിയ്ക്കുവേണ്ടി യാചിക്കുന്ന മനുഷ്യരെ*

*ചൂഷണം ചെയ്യുന്ന അധികാരിവർഗ്ഗമേ*

*കേൾക്കുന്നില്ലേ ആ വിലാപം.*

*ഒരുപാട് മാതൃസ്നേഹത്തിൻ*

*പേരുകേട്ട എൻ കേരളമണ്ണിൽ*

*മാതാവിൻ കൈകൊണ്ടൊരു*

*ജീവൻ പൊലിഞ്ഞത് ഓർക്കുവാനാകുന്നില്ല .*

*എങ്ങോട്ടാണെന്നറിയില്ല  കൈരളിതൻ ഈ യാത്ര.*

*ഇതോ മനുഷ്യത്വം ഇതോ നന്മ ഇതോ സ്നേഹം*

*ആരെവിശ്വസിക്കും ആരെ അവിശ്വസിക്കും*

*ഒന്നുമറിയില്ലെനിക്കൊന്നും അറിയില്ല.*

*അരുതരുതെന്നുച്ചത്തിൽ വിലാപം*

*കേൾക്കുന്നില്ലാരും.*

*നീണ്ടുനിവർന്നുകിടക്കുമീ*

*ലോകത്തെവിടെയാണ തിരയുക*

*ആ പഴയകേരളത്തെ*

*അറിയില്ലതുമെനിക്കറിയില്ല.*

*അഹങ്കാരമോ എൻ തലയിൽ അതോ സ്വാർത്ഥതയോ*

*ഒരുനാൾ ആരുടെ നാവിൽ നിന്നാവുഞാനറിയുക*

*ഞാനാരെന്നും ഈ ലോകമെന്തെന്നും*

## 8E യിലെ വിദ്യാർത്ഥികളുടെ ചാത്തന്നൂർ അഗതിമന്ദിരസന്ദർശനം





# സധൈര്യം മുന്നോട്ട്.

-അക്ഷര അശോക് കുമാർ 9F

മാർച്ച് 8 വനിതാദിനമായി നാം ആഘോഷിക്കുകയാണല്ലോ. വളരെ അഭിമാനകരമായ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾ സ്ത്രീയുടെ ജീവിതനിലവാരത്തിലും മാറ്റമുണ്ടാക്കിയിട്ടുണ്ട്. മാറു മറയ്ക്കാൻ പോലും സ്വാതന്ത്ര്യമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും പുരുഷനോടോപ്പം തന്നെഏത് മേഖലയിലും കഴിവ് തെളിയിക്കാൻ ഇന്ന് സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് നിസംശയം പറയാം.

ഇത് സ്ത്രീകളുടെ ഇച്ഛാ ശക്തിയും ധൈര്യവും തന്നെ

എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കും

എതിരെ ഇപ്പോഴും അതിക്രമങ്ങളും പീഡനങ്ങളും തുടരുകയാണ്. കുറ്റവാളികൾക്ക് മതിയായ ശിക്ഷ ഉറപ്പാക്കുവാനും അക്രമങ്ങൾക്ക് ഒരു പരിധി വരെ തടയിടാനും സ്ത്രീകൾക്കു വേണ്ടി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന 'മിത്ര 181'എന്ന ഹെൽപ്പ് ലൈൻ പ്രവർത്തിക്കുകയാണ്.

'സധൈര്യം മുന്നോട്ട്'എന്ന പേരിൽ വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച തുടർ ക്യാമ്പയിനുകൾ സ്ത്രീ ശാക്തീകരണത്തിന്റെ ശക്തി കൂട്ടുകയാണ്.ഇതിനെ കുറിച്ച് എല്ലാ സ്ത്രീകളും,

*പെൺകുട്ടികളും ബോധമതികളാവണം.ഒരു പെൺകുട്ടിപോലും അക്രമിക്കപ്പെടാത്ത,ഒരു ലോകത്തിനായി നാം മുന്നോട്ട് ഇറങ്ങിയേപറ്റൂ.*

*ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ രക്ഷിക്കുന്ന നിയമം 2005,സ്ത്രീധന നിരോധന നിയമം 1961 ,ശൈശവ വിവാഹ നിരോധന നിയമം 2006,ഇമ്മോറൽ ട്രാഫിക്കിങ് പ്രിവൻഷൻ ആക്ട്,തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്ന നിയമം 2013, ലിംഗ സമത്വവും, ശാക്തീകരണവും ഉറപ്പാക്കുന്ന നിയമം, നിർഭയ പോളിസി തുടങ്ങി പലതരം കാര്യങ്ങളെക്കുറിച്ച് ഇന്നത്തെ സ്ത്രീകൾ അറിഞ്ഞേ മതിയാകൂ. അതവർക്ക് സമൂഹത്തിൽ സധൈര്യം ജീവിക്കാനുള്ള കരുത്താണ് നൽകുന്നത്.'കുടുംബശ്രീ' വളർന്നു വരുന്നത് അഭിമാനത്തോടെ കേരളം കണ്ണ് തുറന്ന് കാണുകയാണ്.*

*ആർത്തവത്തിന്റെ പേരിൽ പോലും മാറ്റി നിർത്താതെയുള്ള സ്ത്രീ സമത്വമാണ് നമുക്ക് വേണ്ടത്.നമുക്ക് മുന്നേറാം,എല്ലാ മേഖലയിലും നാളത്തെ നല്ല തലമുറയ്ക്കായി,ഉണരുന്ന സഹോദരിയെ,ഭാര്യയെ, അമ്മയെ ബഹുമാനിക്കാൻ,സ്നേഹിക്കാൻ, ശാക്തീകരിക്കാൻ എല്ലാ കൗമാര തേജസ്സും ഉണരട്ടെ.....*

# INNOVATIONS

BHADRA D 9 D

| | |
|---|---|
| ATOMIC THEORY | JOHN DALTON |
| UNCERTAINTY PRINCIPLE | WERNER HEISENBERG |
| STRUCTURE OF ATOM | NIELS BOHR |
| PLUM PUDDING MODEL | J.J THOMSON |
| WAVE MECHANICS MODEL | MAX PLANCK |
| ELECTRON | J.J THOMSON |
| PROTON | ERNEST RUTHERFORD |
| NEUTRON | JAMES CHADWICK |
| NUCLEUS | ERNEST RUTHERFORD |
| POSITRON | CARL ANDERSON |
| ANTI NEUTRON | BRUCE CORK |

# സൗഹൃദം

ഫാത്തിമ അനസ്-9.F

എൻ സൗഹൃദ നൗകയിൽ
എൻ ജീവിത പാതയിൽ
എവിടെ നിന്നോ വന്നെത്തിയവൾ നീ...........
എൻ മനസ്സിൽ അണയാത്ത സൗഹൃദമായി
വേനലിൽ മഴചാറ്റും പോലെ
കാതോർത്തിരിക്കും.
നിൻ മൃദുശബ്ദത്തിനായി
നിൻ മൃദുസ്പർശത്തിനായി
നിൻ മൃദുസ്മേരത്തിനായി
എൻ മനസ്സിനെ തൊട്ടുണർത്തി
സൂര്യകാന്തത്തിൽ വെളിച്ചം
വിതച്ച സൗഹൃദമേ
എൻ ശ്വാസനിശ്വാസങ്ങളിൽ
മലരായ് സ്നേഹമായ് മധുവായ്
നീയണയുമ്പോൾ ഞാനറിയാതെൻ
മനസ്സാം പടിവാതിലിൽ
നീ നിറയുന്നു ഒരു സ്നേഹദീപം പോൽ
കണ്ടിട്ടും കാണാതെ കേട്ടിട്ടും കേൾക്കാതെ
എന്താണെന്നറിയാതെ അകലം നടിപ്പൂനീ...........

# സൗഹൃദം

-സ്നേഹ.എസ്.ബി 8.D

*പിച്ച നടന്നപ്പോൾ ഒപ്പമായെത്തി നീ*
*വിറയാർന്ന വിരലിനെ ചേർത്തണച്ച*
*കാലടിച്ചുവടിനെ ചേർത്തുറപ്പിച്ചതും കഥകൾ പറഞ്ഞതും ഓർമ്മ*

*നന്മയുടെ ശീലുകൾ പടരുന്ന വഴികളും*
*വെയിലിതളായ് പൊഴിയുമിടവഴികളും*
*ആയത്തിലാടിയ ഊഞ്ഞാലായോർമ്മകൾ*
*കാലത്തിലൂടെ പറന്നു*
*കാവിലെ താമരത്താരിനായ് പോയതും*
*എല്ലാമൊരോർമ്മയായുണരാതുറങ്ങുന്നു*

*അന്നത്തെ ജീവിതമെത്ര ഭംഗി*
*അന്നത്തെ നിമിഷങ്ങൾ എത്ര ഭംഗി*

*ഗതകാല സ്മരണയിൽ മധുരം കിനിയുന്ന*

*നിമിഷങ്ങളോരോന്നുമെന്തു ഭംഗി*

*ദൂരെയാണെങ്കിലും ചാരത്ത് നീയുണ്ട്*

*ഓർമ്മകൾക്കിന്നും ഇഴയടുപ്പം*

*ഓർക്കാതിരിക്കുവാനാകാത്ത മായിക*

*സ്നേഹത്താൽ സമ്പന്നമെന്റെ കൂട്ട്*

# *What Am I ?*

Aparna.J.S

9D

**1.**I obey your commands,but I am not a soldier.

I walk like a man,but I can't talk like a man.

I look like a man,but I can't think like a man.

What Am I ?

| | | | | |
|---|---|---|---|---|
| | | | | |

**2.**I travel all around the world fixed in a corner.
I am gummed all over on one side.
Some people collect me as their hobby.
What Am I ?

| | | | | |
|---|---|---|---|---|
| | | | | |

**3.**I hunt by night and sleep by day.
I am considered very wise and I am a bird.
What Am I ?

| | | |
|---|---|---|

**4.**I am a black and white bird that can't fly.
But my flipper-like wings help me to swim
very well in the water.
What Am I ?

| | | | | | | |
|---|---|---|---|---|---|---|

# Answers

1. Robot

2.Stamp

3.Owl

4.Penguin

# മറയുന്ന കാഴ്ചകൾ

**പ്രിൻസി.പി** 9 .സി

*മൃത്യു എന്തെന്നറിയാൻ തുടങ്ങിടും*

*മിശ്ര സൗന്ദര്യ പ്രകൃതി ദൃശ്യങ്ങളോ*

*മൃതിയുടെ നോവിനെ വിരൽതുമ്പിലേന്തി*

*മലിനമായ് തീരുന്നു മറവിൽ പരിസ്ഥിതി*

*ബാഹ്യമായ് കാണുന്ന ഈ വിഷ*

*ദൃശ്യങ്ങൾക്കൊക്കെയുമാന്തരിക*

*നിഴലുകൾ, അവയോരോന്നിനോടും*

*പറയുന്ന തീഷ്ണമാം കണ്ണുകൾ നാം മനുഷ്യർ*

*തെളിനീർ തടങ്ങൾ തൻ*

*തെളിമയും ശുദ്ധിയും*

*തെളിയാതെ പോകുന്നൊരീ മനസ്സൊക്കെയും*

*തെരുവിൻ ചുവട്ടിലായ് തെളിനീര്*

*തേടുന്നതൊക്കെയും ഭവാൻ തൻ വിലാസങ്ങളല്ലയോ.*

*തരുക്കളെ വെട്ടിമുറിച്ചിടും കൃത്യമോ*

*തണലിലെ ശാന്തി കവർന്നെടുത്തു,*

*തളരാതെ നിന്നൊരാ താഴ്‌വരതന്നിലായ്*

*തകരാത്ത ജീവൻ നിലയുറച്ച*

*ദൂരെയാ പർവ്വതചെരുവിലായ്*

*കാണുന്ന കാന്തികളൊക്കെയും ചോർന്നിടുന്നു*

*കാനനമെന്നതോ ഓർമ്മയായീടുന്നു*

*കാട്ടുപുഷ്പങ്ങളോ കണ്ണീർ കുടിക്കുന്നു.*

*നിലയറ്റു പോയൊരാ പക്ഷികളൊക്കെയും*

*ഇരുളിൻ ചുവട്ടിലായ് ചാഞ്ഞുറങ്ങീടുന്നു*

*മലിനമായ് തീരുന്നൊരീ മലനാടിന്റെ*

*മാധുരി ചേർക്കുവാനൊത്തു ചേരാം*

*മാഞ്ഞു പോകുന്നൊരീ മുക്ത സൗന്ദര്യം,*

*മലയാളനാടിന്റെ മാറിലേകാം.*

# QUOTES OF GANDHIJI

- **Prayer is the key of morning and bolt of evening .**
- **First they ignore you, then they laugh at you,then they fight you,then you win.**
- **You must be the change you wish to see in the world.**
- **Live as if you were to die tomorrow, learn as if you live forever.**
- **The best way to find yourself is the finding close yourself in the service of others.**
- **My life is my message.**
- **Those who know how to think need no teacher.**
- **Faith is not something to grasp it is a state to grow through.**
- **Poverty is the worst form of violence.**

**We can never forgive,forgiveness is the attribute of the song.**

# കമ്പ്യൂട്ടർബഗിന്റെ കഥ

**കാവ്യ.എസ്.ബി** 9 .എ

*1947-ൽ അമേരിക്കയിലെ ഹർവാഡ് കമ്പ്യൂട്ടേഷണൽ ലബോറട്ടറിയിലെ 'മാർക്ക്' നിരയിൽപ്പെട്ട കമ്പ്യൂട്ടറിൽ ജോലി ചെയ്ത എഞ്ചിനീയർമാർക്ക് ഉപകരണത്തിന്റെ പ്രവർത്തനത്തിൽ എന്തോ ഒരു തടസം ബോധ്യപ്പെട്ടു.വിശദപരിശോധനയിൽ മാർഗ തടസം ഉണ്ടാക്കിയ ആളെക്കൊണ്ട് അവർ അമ്പരന്നു.ഒരു ചെറുപ്രാണി! ഇലക്ട്രോണിക് ഭാഗങ്ങളെ തടസപ്പെടുത്തി ദാ അമർന്നു കിടക്കുന്ന ഒരാൾ.പിന്നെയാ ഭാഗത്തെ വൈദ്യുതിയുടെ ഒഴുക്ക് ഉദ്ദേശിച്ചതുപോലെ ആകിലല്ലോ.എങ്കിലും ആ പ്രാണിയെ എടുത്ത് ദൂരെ കളയുകയല്ല ചെയ്തത്.യന്ത്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ വിവരം എഴുതിസൂക്ഷിക്കുന്ന ഒരു റെക്കോഡ് ബുക്കുണ്ട്-പേര് ലേഗ്ബുക്ക്.പ്രാണിയെ പതിയെ ഇളക്കിയെടുത്ത് ലോഗ്ബുക്കിൽ ഒട്ടിച്ചുവച്ചശേഷം ഒരു ബാഗിനെ കിട്ടിയെന്ന് ഒപ്പം എഴുതുകയും ചെയ്തു.കമ്പ്യൂട്ടർ ചരിത്രത്തിലേക്കായിരുന്നു ആ പ്രാണി,ബഗ് ചേർക്കപ്പെട്ടത്.ഇതിനും വളരെമുന്നേ 1870-ൽ തോമസ് ആൽവാ*

എഡിസൺ യന്ത്ര ഭാഗങ്ങളിലെ ചെറുപിഴവുകളെ 'ബഗ്' എന്നു

വിളിച്ചിരുന്നു എന്നൊരു കഥയും പ്രചാരത്തിലുണ്ട്.

കമ്പ്യൂട്ടർ അറിയാവുന്ന എല്ലാവരും പറയുന്ന വാക്കാണ്

ബഗ്.എന്താണീ ബഗ്? പ്രവർത്തനത്തിൽ എന്തെങ്കിലും പിഴവ്,അല്ലെങ്കിൽ

ഉദ്ദേശിച്ചരീതിയിൽ അല്ലാതെ വിവരങ്ങൾ നൽകുക.....തുടങ്ങി എന്തു

പോരായ്മയെയും ബഗ് എന്നാണ് പറയുന്നത്.

പുതുതായി പ്രോഗ്രാം എഴുതുമ്പോൾ ബഗ് കണ്ടുപിടിക്കൽ ഒരു

നാട്ടുനടപ്പുതന്നെയാണ്.

ബഗ് എല്ലാം ഒഴിവാക്കി എന്നു പറഞ്ഞാൽ ഏതാണ്ട് കുറ്റമറ്റ പ്രോഗ്രാം

തയാറായി എന്നർത്ഥം.

# സുഹൃത്തിന്റെ ഉപദേശം

ഗ്രീഷ്മ

*കാട്ടിൽ ഒരു വലിയ യുദ്ധം നടക്കുകയായിരുന്നു.രണ്ടു കാണ്ടാമൃഗങ്ങൾ തമ്മിലാണ് പോരാട്ടം! കാട്ടിലെ മറ്റു മൃഗങ്ങളെല്ലാം കുറച്ചകലെയായിമാറി നിന്ന് ഇത് കണ്ട് ഭയന്ന് വിറയ്ക്കുകയാണ്.അവരെ ഈ പോരാട്ടത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ധൈര്യമുള്ള ഒരൊറ്റ മൃഗം പോലും മുന്നോട്ട് വന്നില്ല.മൃഗരാജാവായ സിംഹം പോലും അകന്നു മാറിനിൽക്കുകയാണ്. എന്താണു ചെയ്യുക? അല്പനേരം കൂടി ഈ പോരാട്ടം നീണ്ടുനിന്നാൽ രണ്ടിന്റേയും കഥ കഴിയും. ഇവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കാൻ എന്താണു വഴി? അപ്പോഴാണ് ഒരു പുള്ളിമാൻ മുന്നോട്ട വന്നത്.കാണ്ടാമൃഗങ്ങളു-ടെ അരികിൽ ചെന്നിട്ട് പുള്ളിമാൻ പറഞ്ഞു:ഏയ് ചങ്ങാതിമാരെ,നിങ്ങളുടെ ഈ തലക്കടി വേഗം നിർത്തൂ. നെറ്റിപൊട്ടി ചോര വാർന്നൊഴുകുന്നത് കണ്ടില്ലേ? നിങ്ങൾ തമ്മിലുള്ള വഴക്ക് നമുക്ക് സൗമ്യമായി പറഞ്ഞു*

തീർക്കാനേയുള്ളു.പുള്ളിമാന്റെ ഉപദേശം രണ്ടു കാണ്ടാമൃഗങ്ങൾക്കും ഇഷ്ടമായില്ല. അവർ രണ്ടു പേരും കോപിച്ചു,അവർ കൊമ്പുയർത്തി പുള്ളിമാനെ ഭയപ്പെടുത്തി.എന്നിട്ടു പറഞ്ഞു:ഹോ! ഒരു ഉപദേശം

വന്നിരിക്കുന്നു.അടയ്ക്കോളം വലിപ്പമുള്ള നിന്റെ വാക്ക് കേട്ട് വമ്പന്മാരായ ഞങ്ങൾ പോരാട്ടം നിർത്ത–

ണമെന്നാണോ?ഹ... ഹഹഹ......! നിന്റെ ഉപദേശം കേട്ട് പിൻമാറുന്നതിനേക്കാൾ നല്ലത് നമ്മൾ തല്ലി

ചാകുന്നതല്ലേ.കാണ്ടാമൃഗങ്ങൾ അവനെ പുച്ഛിച്ചുകൊണ്ട് പിന്നെയും പോരാട്ടം തുടങ്ങി. അല്പസമയത്തിനുള്ളിൽ രണ്ടു വീരന്മാരും ചോരയിൽ കുളിച്ച് അവിടത്തന്നെ ചത്തുവീണു! അപ്പോൾ തൊട്ടടുത്തുള്ള മരത്തിൽ പാർക്കുന്ന വണ്ണാത്തിക്കിളി പറഞ്ഞു.

മാൻകിടാവിന്റെ വാക്കു കേട്ടിരുന്നുഎങ്കിൽ ഈ മണ്ടന്മാർക്ക് ഇങ്ങനെയൊരു ദുർഗ്ഗതി വരുമോ? നല്ല സുഹൃത്തുക്കളുടെ ഉപദേശം കേൾക്കുന്നത് എപ്പോഴും നല്ലതാണ്.

# അപരനാമങ്ങൾ

ഫെബിന.എ

| | | |
|---|---|---|
| *കേരള കേസരി* | – | *സർദാർ.കെ.എം.പണിക്കർ* |
| *കേരള സിംഹം* | – | *കേരളവർമ്മ പഴശ്ശിരാജ* |
| *പയ്യോളി എക്സ്പ്രസ്* | – | *പി.ടി.ഉഷ* |
| *ബേപ്പൂർ സുൽത്താൻ* | – | *വൈക്കം മുഹമ്മദ് ബഷീർ* |
| *കേരളത്തിന്റെ ആസ്ഥാന കവി* | – | *വള്ളത്തോൾ* |
| *കേരള നവോത്ഥാന പിതാവ്* | – | *ശ്രീനാരായണഗുരു* |
| *കേരള ഗാന്ധി* | – | *കെ.കേളപ്പൻ* |
| *കേരള വാല്മീകി* | – | *വള്ളത്തോൾ* |
| *കേരള സ്കോട്ട്* | – | *സി.വി.രാമൻ* |
| *കേരള ഹെമിങ്‌വേ* | – | *എം.ടി.വാസുദേവൻ നായർ* |
| *പ്രച്ഛന്ന ബുദ്ധൻ* | – | *ശ്രീ ശങ്കരാചാര്യർ* |
| *കേരള പാണിനി* | – | *ഏ.ആർ.രാജരാജവർമ്മ* |

# പ്രകൃതിയുടെ രോദനം

ദേവിക മനോജ് 9 F

*ഹേ! മർത്ത്യാ എന്തിനെന്നെ–*

*നീ നശിപ്പിക്കുന്നു;*

*എന്നുടെ മാറിൽ രാവും–*

*പകലും വിഹരിക്കുന്ന–*

*പക്ഷി മൃഗാദികളെ*


*നീ കാണുന്നില്ലെ ?*

*അവയുടെ ജീവശ്വാസവും ജീവനവും*

*ഞാൻ തന്നെയല്ലെ ?*

*ഹേ! മർത്ത്യാ ദുരന്തങ്ങളിത്ര*

*കണ്ടിട്ടും നിനക്ക് ലജ്ജയില്ലെ............*




Lekshmi J M
9C

# സർവത്ര മാലിന്യം

അപർണ ജെ എസ്

*എന്നാൽ ഞാനൊരു കഥയുരചെയ്യാം*

*എൻ ഗുരുവെന്നോടരുളിയപോലെ*
*മാനുഷന്മാർ എല്ലാമെല്ലാം നശിപ്പ*

*ക്കുന്നുവെന്നത് വാസ്തവം*

*മാലിന്യത്താൽ നിറഞ്ഞഭൂമി;*

*കേഴുന്നല്ലോ കാരുണ്ണ്യത്തിന്;*

*ശബ്ദവും വായുവും ജലവും*

*ഇന്ന് മാലിന്യത്താൽ നിറഞ്ഞുവല്ലോ*

*താൻ തന്നെ ദ്രോഹിക്കുന്നതിൻ*

*തുല്യ,മല്ലയോ ഭൂമിയോടുള്ള ചൂഷണം*

*ധാത്രിയേയും ജനനിയേയും*

*മറക്കുന്നവനോ,കല്ലിന് തുല്യം*

*വിഹായസ്സിൻവണ്ണമുയർന്നാലും*

*നാം ഓർക്കണം നമ്മുടെ തായ് വേരുകളെ..........*

# Digital Paintings by Adithyan S (9 C)





# മഹാത്മാഗാന്ധി



ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചിപ്പിക്കാനുള്ള സമരത്തിനു നേതൃത്വം നൽകി,ഇന്ത്യയുടെ രാഷ്ട്രപിതാവായിത്തീരുകയും ചെയ്ത മോഹൻദാസ് കരംചന്ദ് ഗാന്ധി,നൂറ്റാണ്ടിനെ മാറ്റിമറിച്ച ഇന്ത്യക്കാരിൽ പ്രഥമഗണനീയനാണ്.ഒരു നൂറ്റാണ്ടിനെയല്ല,ഒരു യുഗത്തെയാണ് അദ്ദേഹം രൂപപ്പെടുത്തിയത് എന്നും പറഞ്ഞാലും അതിശയിക്കാനില്ല.ഇന്നത്തെ ഗുജറാത്തിൽപ്പെട്ട പോർബന്ദറിലെ ഒരു ബനിയ(വൈശ്യ) കുടുംബത്തിൽ 1869 ഒക്ടോബർ 2-ന് ഗാന്ധി ജനിച്ചു.അച്ഛനും അച്ഛന്റെ അച്ഛനും പോർബന്ദർ നാട്ടു രാജ്യത്തെ ദിവാന്മാരായിരുന്നു. ദൈവഭക്തരായ മാതാവും ആദർശനിഷ്ഠനായ പിതാവും മോഹൻദാസിന്റെ സ്വഭാവരൂപവൽകരണത്തിൽ മഹത്തായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.1887-ൽ അദ്ദേഹം മെട്രിക്കുലേഷൻ പാസ്സായി.അതിനു നാലു വർഷം മുമ്പുതന്നെ (പതിനാലാം വയസ്സിൽ) കസ്തൂർബായെ വിവാഹം ചെയ്തു.ബാരിസ്റ്റർ പരീക്ഷയ്ക്കു പഠിക്കാനായി 1887-ൽ മോഹൻദാസ് ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി.ഭഗവദ്ഗീത ആദ്യമായി വായിച്ചതും അതിന്റെ സ്വാധീനം ആരംഭിച്ചതും അവിടെവച്ചാണ്. 1891-ൽ ബാരിസ്റ്റർ പരീക്ഷ പാസ്സായി ഇന്ത്യയിൽ തിരിച്ചെത്തി പരിശീലനം ആരംഭിച്ചെങ്കിലും വിജയിച്ചില്ല.ഈ ഘട്ടത്തിലാണ് ദക്ഷിണാഫ്രിക്കയിൽ വ്യാപാരം നടത്തിയിരുന്ന അബ്ദുള്ള കമ്പനിക്കാർ ഒരു കേസ് വാദിക്കാൻ ഗാന്ധിജിയെ ക്ഷണിച്ചത്.ക്ഷണം സ്വീകരിച്ച് 1893-ൽ ദക്ഷിണാഫ്രിക്കയിലെത്തിയ ഗാന്ധിജിക്ക് അവിടെ കറുത്ത വർഗ്ഗക്കാർ വെള്ളക്കാരുടെ വിദ്വേഷത്തിന് ഇരയാകുന്നത് നേരിട്ട് ബോധ്യപ്പെട്ടു.

*ഒരിക്കൽ തീവണ്ടിയിൽ നിന്നും പിന്നീടൊരിക്കൽ കുതിരവണ്ടിയിൽ നിന്നും അദ്ദേഹം പിടിച്ചിറക്കപ്പെട്ടു. മറ്റൊരിക്കൽ കോടതിയിൽ വെച്ച് തലപ്പാവ് അഴിച്ചുമാറ്റാൻ ആവശ്യപ്പെട്ടെങ്കിലും ഗാന്ധിജി അതിനു തയ്യാറായില്ല. വെള്ളക്കാർ അദ്ദേഹത്തെ കൂലി ബാരിസ്റ്റർ എന്നു വിളിച്ചാക്ഷേപിച്ചു. വെള്ളക്കാരുടെ മനുഷ്യത്വരഹിതമായ ഈ പെരുമാറ്റമായിരിക്കണം ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നും കെട്ടുകെട്ടിക്കാൻ ഗാന്ധിജിക്കു പ്രചോദനമായത്. ഇക്കാലത്ത് ബൈബിൾ, ഖുർ - ആൻ തുടങ്ങിയ മത ഗ്രന്ഥങ്ങളും, ടോൾസ്റ്റോയ്, മാക്സ് മുള്ളർ തുടങ്ങിയവരുടെ കൃതികളാണ് ഗാന്ധിജി വായിച്ചത്.*

***1948** ജനുവരി **30**-ന് പ്രാർഥനായോഗത്തിനു പോകുമ്പോൾ നാഥുറാം ഗോഡ്സെ എന്ന വർഗ്ഗീയവാദി ഗാന്ധിജിയെ വെടിവച്ചുകൊന്നു. ഗാന്ധിജി മുസ്ലീം അനുകൂലിയായി ഹിന്ദുക്കളെ ദ്രോഹിക്കുന്നു എന്ന തെറ്റിദ്ധാരണയാണ് ഈ ക്രൂരകൃത്യത്തിന് ഘാതകനെ പ്രേരിപ്പിച്ചത്.*

*ഗാന്ധിജിയുടെ ജീവിതദർശനത്തെ അടിസ്ഥാനമാക്കിയുള്ള 'ഗാന്ധിസം' ഇന്ന് ശക്തമായ ഒരു പ്രത്യയശാസ്ത്രമായി മാറിക്കഴിഞ്ഞു.*

# ഏഴിന്റെ പ്രത്യേകത

അഖില രാജ് 9 F

*ഏഴ് എന്നത് ഒറ്റസംഖ്യയാണ്.*

*ഏഴ് ഒരു അഭാജ്യസംഖ്യയാണ്.*

*രണ്ട് അഭാജ്യസംഖ്യകലുടെ തുകയായി എഴുതാവുന്ന ഏറ്റവും ചെറിയ അഭാജ്യസംഖ്യകളിൽ രണ്ടാമത്തേതാണ് 7,*

$5+2=7.$

*3,5,7 എന്നിവമാത്രമാണ് അനുക്രമമായ മൂന്ന് ഒറ്റ അഭാജ്യസംഖ്യകൾ.*

*ഏതൊരു ഒറ്റസംഖ്യയേയും പോലെ ഏഴിനേയും രണ്ട് വർഗങ്ങളുടെ വ്യത്യാസമായി എഴുതാം.*

$7=4^2-3^2$

*രണ്ട് ക്യൂബുകളുടെ വ്യത്യാസമായും 7-നെ എഴുതാം.*

$2^3-1^3=7$

*3 ഏഴുകൾമാത്രം ഉപയോഗിച്ച് അംഗീകരിക്കപ്പെട്ട ഗണിതശാസ്ത്രചിഹ്നങ്ങലുടെ സഹായത്തോടെ ഒരു കോടി എന്ന സംഖ്യ എഴുതാം.*

$(7/.7)^7$

*ഏഴിന്റെ വ്യുൽക്രമമായ 1/7 നും ധാരാളം പ്രത്യേകതയുണ്ട്*

*a.ദശാംശ ഭാഗത്ത് ഒരു കൂട്ടം സംഖ്യകൾ ക്രമമായി ആവർത്തിക്കുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1/7. ഈ ആവർത്തിക്കുന്ന കൂട്ടം അക്കങ്ങൾ 142857 എന്നിവയാണ്.*

*b.142857 എന്ന സംഖ്യയെ 2,3,4,5,6 എന്നീ അക്കങ്ങൾ കൊണ്ട് ഗുണിക്കുമ്പോൾ ഇതേ അക്കങ്ങൾ ക്രമമായി വരുന്നു.*

*c.142857 നെ 7 കൊണ്ട് ഗുണിക്കുമ്പോൾ '9'മാത്രം ആവർത്തിക്കുന്ന ഒരു സംഖ്യ ലഭിക്കുന്നു.*

# എന്തൊക്കെയുണ്ട് വിശേഷങ്ങൾ?

അക്ഷര അശോക് കുമാർ 9.F

എന്തൊക്കെയുണ്ട് വിശേഷങ്ങൾ?

ഫെയ്സ്ബുക്കും,വാട്സ് ആപ്പും,

ഇൻസ്റ്റാഗ്രാമും തുറക്കുമ്പോൾ

നമ്മളറിയുന്നില്ല നമ്മുടെ വിശേഷങ്ങൾ

ചോർത്താൻ

കണ്ണാടിക്കൂട്ടിലൊരാൾ കണ്ണുംനട്ട്

കാത്തിരിപ്പുണ്ടെന്ന് !!!

# Poster

**Saran Thampi M A**

**10 F**



# കണക്കിലെ കളി

അഖില രാജ് 9 F

## രാമാനുജൻ സംഖ്യയുടെ വിസ്മയങ്ങൾ

രാമാനുജൻ സംഖ്യയായി അറിയപ്പെടുന്നത് ***1729***

- രണ്ട് ക്യൂബുകളുടെ തുകയായി എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729.

$$1729=10^3+9^3=12^3+1^3$$

- 1729 നെ ക്യൂബുകളുടെ തുകയായി മറ്റുരീതികളിലും എഴുതാം.

$$1729=1^3+6^3+8^3+10^3$$

$$1729=1^3+3^3+4^3+4^3+8^3+10^3$$

- വിവിധ കൃതിയിലുള്ള സംഖ്യകളുടെ രൂപത്തിൽ പലവിധത്തിൽ എഴുതാം.

$$1729=10^3+2^3+10^3+25^3$$

$$1729=2^0+2^6+2^7+2^9+2^{10}$$

$$1729=1^0+2^1+2^2+3^2+4^3+5^4+2^{10}$$

$$1729=1^0+2^1+2^2+3^2+4^3+4^5+5^4$$

$$1729=3^0+3^3+3^5+3^6+3^6$$

- 1729 നെ വർഗങ്ങളുടെ വ്യത്യാസമായി 4 വിധത്തിൽ എഴുതാം.

$1729=73^3-60^2$

$1729=55^2-36^2$

$1729 =127^2-120^2$

$1729=865^2-864$

- ഏതാനും വർഗങ്ങളുടെ തുകയായി 6 വിധത്തിൽ എഴുതാം.

  $1729=8^2+12^2+39^2$

  $1729=2^2+8^2+10^2+40^2$

  $1729=2^2+3^2+4^2+16^2+38^2$

  $1729=1^2+2^2+3^2+4^2+15^2+37^2$

  $1729=1^2+3^2+5^2+7^2+9^2+10^2+11^2+12^2+13^2+14^2+15^2+16^2+17^2$

  $1729=1^2+2^2+4^2+7^2+8^2+9^2+10^2+11^2+12^2+13^2+14^2+28^2$

- 1729 തിനെ 3 അഭാജ്യസംഖ്യകളുടെ ഗുണനഫലമായി എഴുതാം

  1723=7*13*19
- 1729-ൽ 17,29 എന്നിവ അഭാജ്യസംഖ്യകളാണ്.
- 1729-ലെ അക്കങ്ങളുടെ തുക 1+7+2+9=19, 19-1729 ന്റെ ഒരു ഘടകമാണ്.
- 1729=19*91,19*91 ഇടത്തോട്ടും വലത്തോട്ടും ഒരേ സംഖ്യ തരുന്നു.
- $1729=12^3+1^3=10^3+9^3$. ഇതിൽ 12+1=13,10+9=19 എന്നിവയും അഭാജ്യകങ്ങളാണ്.

രാമാനുജൻ സംഖ്യയായി അറിയപ്പെടുന്നത് ***1729***

-

- രണ്ട് ക്യൂബുകളുടെ തുകയായി എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729.

$$1729=10^3+9^3=12^3+1^3$$

- 1729 നെ ക്യൂബുകളുടെ തുകയായി മറ്റുരീതികളിലും എഴുതാം.

$1729=1^3+6^3+8^3+10^3$

$1729=1^3+3^3+4^3+4^3+8^3+10^3$

- വിവിധ കൃതിയിലുള്ള സംഖ്യകളുടെ രൂപത്തിൽ പലവിധത്തിൽ എഴുതാം.

$1729=10^3+2^3+10^3+25^3$

$1729=2^0+2^6+2^7+2^9+2^{10}$

$1729=1^0+2^1+2^2+3^2+4^3+5^4+2^{10}$

$1729=1^0+2^1+2^2+3^2+4^3+4^5+5^4$

$1729=3^0+3^3+3^5+3^6+3^6$

- 1729 നെ വർഗങ്ങളുടെ വ്യത്യാസമായി 4 വിധത്തിൽ എഴുതാം.

$1729=73^3-60^2$

$1729=55^2-36^2$

$1729=127^2-120^2$

$1729=865^2-864$

- ഏതാനും വർഗങ്ങളുടെ തുകയായി 6 വിധത്തിൽ എഴുതാം.

$1729=8^2+12^2+39^2$

$1729=2^2+8^2+10^2+40^2$

$1729=2^2+3^2+4^2+16^2+38^2$

$1729=1^2+2^2+3^2+4^2+15^2+37^2$

$1729=1^2+3^2+5^2+7^2+9^2+10^2+11^2+12^2+13^2+14^2+15^2+16^2+17^2$

$1729=1^2+2^2+4^2+7^2+8^2+9^2+10^2+11^2+12^2+13^2+14^2+28^2$

- 1729 തിനെ 3 അഭാജ്യസംഖ്യകളുടെ ഗുണനഫലമായി എഴുതാം
  1723=7*13*19
- 1729-ൽ 17,29 എന്നിവ അഭാജ്യസംഖ്യകളാണ്.
- 1729-ലെ അക്കങ്ങളുടെ തുക 1+7+2+9=19, 19-1729 ന്റെ ഒരു ഘടകമാണ്.
- 1729=19*91,19*91 ഇടത്തോട്ടും വലത്തോട്ടും ഒരേ സംഖ്യ തരുന്നു.
  - $1729=12^3+1^3=10^3+9^3$. ഇതിൽ 12+1=13,10+9=19 എന്നിവയും അഭാജ്യകങ്ങളാണ്.

# *CIRCLE OF LIFE*

VIDYA VIJAYAKUMAR

H. S .T (ENGLISH)

**Flying with the west wind,**

**Grown from a huge tree;**

**Snatched by a thirsty crow,**

**Carried by the huge hands of west wind**

**Flying to settle on the lap of mother earth,**

**To lay frozen for some years,**


**Wishing the touch of the gentle ray of sunlight**

**Hopes to sprout out as a little bud**

**Then will flourish as a big tree,**

**To continue the circle of life...**

## Digital paintings by Adithyan. S





# വീട്ടുവളപ്പിലെ പക്ഷിക്കൂട്ടുകാർ

ലക്ഷ്മി.ജെ. എം

## *അങ്ങാടിക്കുരുവി*



*മനുഷ്യരുമായി ഇടപെഴകി ജീവിക്കാൻ ഇഷ്ടപ്പെടുന്നവരാണ്*

*അങ്ങാടിക്കുരുവികൾ .ഈ പക്ഷികൾ വീടുകളിലും മതിലുകളിലും മറ്റുമുള്ള ദ്വാരങ്ങളിലാണ് കൂടു പണിയുന്നത്.തുണി,വൈക്കോൽ,കടലാസ്,പഞ്ഞി തുടങ്ങി കിട്ടുന്ന ഏതുസാധനവും കൂടുനിർമ്മിക്കാൻ ഉപയോഗിക്കും.അങ്ങാടിക്കുരുവികളുടെ എണ്ണം കേരളത്തിൽ കുറഞ്ഞുവരികയാണ്.*

## *തുന്നാരൻ*



*വിചിത്രമായൊരു  കൂടുനിർമ്മാണരീതിയാണ് തുന്നാരന്റേത്.വാഴയിലപോലെ വലിയ ഇലകളുടെ തുമ്പ് വളച്ച് കൂട്ടിത്തുന്നിയാണ് ഈ പക്ഷികൾ കൂട് പണിയുന്നത്.തുന്നാരൻ ഇല വളച്ചു തുന്നുന്നത് അത്ഭുതകരമായ രീതിയിലാണ്.മനുഷ്യർ വസ്ത്രം തുന്നുന്നത് പോലെ നാരുപയോഗിച്ച് ഇല തയ്ച്ചുചേർക്കുകയാണ് ഈ പക്ഷി ചെയ്യുന്നത്.*

## നാട്ടുതത്ത



*തത്തകൾ ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് കൂടുണ്ടാക്കുന്നത്. ഉയരമുള്ള വൃക്ഷങ്ങളിലെ പൊത്തുകളിലാണ് സാധാരണ തത്തകൾ കൂടുപണിയുന്നത്.സൗകര്യപ്രദമായ ഒരു മാളം കണ്ടെത്തി അതിൽ മുട്ടയിടുന്ന തത്തകൾ കൂട്ടിൽ അധികം അലങ്കാരങ്ങളൊന്നും ചെയ്യാറില്ല.*

## *നാട്ടുമൈന*



***നാട്ടുമൈനയുടെ കൂട് മരപ്പൊത്തുകളിലും ചുമരുകളിലെ ദ്വാരങ്ങളിലും എല്ലാം കാണാനാവും. ചിലപ്പോൾ പനയോലകളുടെ ഇടയ്ക്കും മൈന കൂടുണ്ടാക്കും. ചകിരി,പുല്ല് ,ചെറിയ വേരുകൾ തുടങ്ങിയവയെല്ലാം കൂടുണ്ടാക്കാൻ ഉപയോഗിക്കും.***

## നാട്ടുബുൾബുൾ




നാട്ടുബുൾബുൾ,ഇരട്ടത്തലച്ചി,തവിടൻ ബുൾബുൾ എന്നിവയാണ് കേരളത്തിൽ കാണപ്പെടുന്ന ബുൾബുൾ പക്ഷികൾ.ജനുവരി മുതൽ ഒക്ടോബർ വരെയുള്ള കാലത്താണ് ഇവ കൂടുണ്ടാക്കുന്നത്.ചുള്ളിക്കമ്പുകൾ,വള്ളികൾ എന്നിവയെല്ലാം കൂടുണ്ടാക്കാൻ ഉപയോഗിക്കും.

# Editorial Board



# 2018-19-ലെ കുട്ടി പട്ടങ്ങൾ




Help
G H S S Palayamkunnu
SAMAGRA

# പറന്നുയരുന്ന പട്ടങ്ങൾ



# Thanks...